# ശിയാക്കളുടെ ക്വുർആനും ജമാഅത്ത് വാദവും

## ഫദ്‌ളുൽ ഹക്വ് ഉമരി

ശീഈസത്തെ അഹ്‌ലുസുന്നയുടെ പണ്ഡിതന്മാരെല്ലാം വിമർശിക്കാറുണ്ട്. ആ വിമർശനം ആശയപരമായാൽ ശീഈ പണ്ഡിതരെ വാഴ്ത്തുകയും അവരുടെ കൃതികൾക്ക് പ്രചാരം നൽകുകയും ചെയ്യുന്നവരിലേക്കും അത് ചെന്നെത്തും. സ്വാഭാവികമയ ഒരനിവാര്യതയായി മാത്രമേ ഈ വിമർശനത്തെ കാണാവൂ. ജമാഅത്തെ ഇസ്‌ലാമി ശിയാക്കളിൽ യഥാർഥ ഇസ്‌ലാമിക വിപ്ലവം കണ്ടെത്തിയതിന്റെ പേരിൽ മുജാഹിദുകൾ അവരെ വിമർശിച്ചുവരുന്നു. ഇതിനെ ഒരു ശത്രുത തീർക്കലായി കാണാതെ പ്രശ്നം മനസ്സിലാക്കുകയാണ് അവർ വേണ്ടത്. ഇന്ത്യയിലെ ഒരു ശീഈ മുജ്തഹിദ് ജമാഅത്തു സ്ഥാപകനു നൽകിയ അംഗീകാരം മനസ്സിലാക്കാൻ താഴെ പറയുന്ന ഉദ്ധരണി സഹായകമാവും.

'അഹ്‌ലുസുന്നയുടെ പണ്ഡിതന്മാരുടെ കൂട്ടത്തിൽ ജനാബ് അബുൽ അഅ്‌ലാ മൗദൂദി സാഹിബിന് ഒരു പ്രത്യേക സ്ഥാനമുണ്ട്. അഹ്‌ലുബൈത്ത്, മുത്അ വിവാഹം അനുവദനീയം തുടങ്ങിയ വിഷയങ്ങളിൽ വലിയ വിശാല മനസ്കതയോടെ ശീഈ ചിന്താഗതികളുടെ സത്യസന്ധതയെ അദ്ദേഹം അംഗീകരിച്ചിട്ടുണ്ട്.' (മുത്അ ഔർ ഇസ്‌ലാം. പേ. 365 മുജ്തഹിദ് തക്വിയ്യുന്നഖ്‌വി)

1975 മാർച്ച് 25 ന് പുറത്തിറങ്ങിയ 'നവായെ വഖ്ത്' (റാവൽപിണ്ടി) എന്ന ദിനപത്രത്തിൽ ജമാഅത്തെ ഇസ്‌ലാമിയുടെ അമീറായിരുന്ന മിയാൻ തുഫൈൽ പറഞ്ഞ ഒരു വാക്ക് വാർത്തയായി വന്നിരുന്നു. 'ആഖായെ ഖുമൈനീ ദുൻയാകെ മുസൽമാനോം കാരഹ്നുമാഹെ' (ബഹുമാനപ്പെട്ട ഖുമൈനി ലോക മുസ്‌ലിംകൾക്കുള്ള മാതൃകയാണ്). മിയാൻ തുഫൈൽ ഇറാൻ സന്ദർശിച്ചപ്പോൾ പാകിസ്ഥാനിലെ ഉറുദു പത്രത്തിൽ വന്ന വാർത്തയായിരുന്നു ഇത്. ഏതായാലും ഖുമൈനിയുടെ മാതൃക ഞങ്ങൾക്ക് വേണ്ട. അത് വെള്ളിമാട്കുന്നിലും ശാന്തപുരത്തും വാടാനപള്ളിയിലുമൊക്കെ നിങ്ങളുടെ ആളുകൾക്ക് തന്നെ നൽകിയാൽ മതി. അവരാണല്ലോ നിങ്ങൾക്ക് എന്തിനും മൂളിത്തരുന്നത്. ഇന്ന് വോട്ട് ശിർക്കാണെന്ന് പറഞ്ഞാൽ അതിനും മൂളിത്തരും. അതുതന്നെ, നാളെ തൗഹീദാണെന്ന് പറഞ്ഞാൽ അതിനും മൂളിത്തരും.

ഇങ്ങിനെ പരസ്പരം താലോലിച്ചും പൊക്കിപ്പറഞ്ഞുമായിരുന്നു മൗദൂദിയും ശിയാക്കളും കഴിഞ്ഞിരുന്നത്. ലാഹോറിൽ നിന്നും പുറത്തിറങ്ങിയിരുന്ന 'ഏഷ്യ' എന്ന വാരികയിൽ വന്ന ഒരു മൗദൂദി ഖുമൈനി മൗലീദ് ഇങ്ങിനെ

'അവിടെ ഒരു ശോഭ. ഇവിടെയും ഒരു ശോഭ. ദൈവനാമത്താൽ ഇറാനും പാക്കും (പാകിസ്ഥാൻ) ഒന്നാണ്. രണ്ടു കൂട്ടരുടെയും പ്രകൃതി ഒന്നാണ്. അവിടെ ഖുമൈനിയാണെങ്കിൽ ഇവിടെ മൗദൂദി. രണ്ടുപേരുടെയും വാക്ക് ഇന്നലെ ഒന്നായിരുന്നു. ഇന്നും ഒന്നുതന്നെ' (1979 മെയ് 13) ഇങ്ങിനെ പരസ്പര സ്നേഹം പങ്കിട്ട് ജീവിക്കുമ്പോഴാണ് മൗദൂദിയുടെ മരണം സംഭവിക്കുന്നത്.

ശിആക്കളുടെ അഭിനന്ദനത്തിന്നും അംഗീകരണത്തിനും ജമാഅത്തെ ഇസ്ലാമിക്കാർ തിരിച്ചും കൂറ് കാണിക്കണമല്ലോ. അതിന്റെ ഭാഗമാണ് ക്വുർആനിനെക്കുറിച്ച് 'സത്യസന്ധമായ എന്റെ അറിവനുസരിച്ച് അങ്ങിനെയൊരു വിശ്വാസമില്ല' എന്ന് മൗലാനാ കാരകുന്ന് പറഞ്ഞത്. അതോടൊപ്പം 'ഇറാനിലെ ശീഇകൾ നിലവിലുള്ള വിശുദ്ധ ക്വുർആനെ അവിശ്വസിക്കുന്നവരോ മറ്റൊരു ക്വുർആൻ അംഗീകരിക്കുന്നവരോ അല്ല' എന്ന് (പ്രബോധനം: 2006 ഏപ്രിൽ 1) എഴുതിയതും. ശിയാക്കളുടെ ഗ്രന്ഥങ്ങളിലൂടെത്തന്നെ നമുക്ക് ഇതിനൊരു പരിഹാരം കാണാൻ ശ്രമിക്കാം.

ക്വുർആനിന്റെ വിഷയത്തിൽ വികലമായ പല വിശ്വാസങ്ങളും ശിയാക്കൾക്കുണ്ട്. ചിലത് അൽപം കടുപ്പംകൂടി എന്നുമാത്രം. കടുപ്പംകൂടിയ വാദം ഉന്നയിച്ചവർ മുളയിലേ നുള്ളാൻ ശ്രമിച്ചിട്ടുണ്ട്. അവർ എഴുതുന്നു. 'ഒരു കാക്കയെ മറ്റൊരു കാക്കയിൽ നിന്നും തിരിച്ചറിയാത്തതുപോലെ മുഹമ്മദ് (സ്വ) അലി (റ) യോട് സാദൃശ്യമുള്ള ആളായിരുന്നു. അല്ലാഹു വഹ്യുമായി ജിബ്രീലിനെ പറഞ്ഞയച്ചു. ജിബ്രീലിന് ആശയക്കുഴപ്പം സംഭവിച്ച് (അലിക്ക് നൽകേണ്ടതിന് പകരം) മുഹമ്മദ് നബിക്കിറക്കിക്കൊടുത്തു'. (അൽ മനിയ്യതു വൽ അമൽ. പേ: 3. ഇബ്നുൽ മൂർ തളാ സൈദി). ക്വുർആനിൽ അല്ലാഹു പറയുന്നതോ? 'നിനക്ക് നാം ക്വുർആൻ അവതരിപ്പിച്ചുതന്നത് നീ കഷ്ടപ്പെടാൻ വേണ്ടിയല്ല' (ത്വാഹ:2) ക്വുർആൻ അല്ലാഹുവിന്റെ കലമാണ്. അതിനോട് തുല്യമായ ആരുടെ വാക്കും സംസാരവുമില്ല. എന്നാൽ ശിയാക്കൾക്ക് വലുത് അവരുടെ ഇമാമുകളുടെ വാക്കുകളാണ്. 'പരിശുദ്ധരായ ഇമാമുകളുടെ വാക്കുകൾ അല്ലാഹുവിന്റെ വാക്കുതന്നെയാണ്. അല്ലാഹുവിന്റെ വാക്കുകളിൽ വൈരുദ്ധ്യങ്ങളില്ലാത്തതുപോലെ അവരുടെ വാക്കുകളിലും വൈരുദ്ധ്യങ്ങളുണ്ടാവുകയില്ല' (ശറഹുൽ ജാമി ഉൽ അലൽകാഫി 2/272 മുഹമ്മദ് സ്വാലിഹ് ഇബ്നു അഹ്മദുൽ മാസന്തറാനീ) ഇനി നിലവിലുള്ള ക്വുർആനിനെക്കുറിച്ച് ശിയാക്കളുടെ വാദമെന്താണെന്ന് നോക്കാം. ക്വുർആൻ മാറ്റത്തിരുത്തലുകൾക്ക് വിധേയമായിട്ടുണ്ട്. അല്ലാഹു അവതരിപ്പിച്ച 'അല്ലാഹു ഇറക്കിയ പോലെ ക്വുർആൻ പൂർണ്ണമായും സമാഹരിക്കപ്പെട്ടിട്ടുണ്ടെന്ന് ആരെങ്കിലും പറഞ്ഞാൽ അവൻ പെരുംനുണയനാണ്' (ഉസൂലുൽ കാഫി–മുഹമ്മദ്ബ്നു യഅ്ഖൂബുൽ കുലൈനി) അദ്ദേഹം വീണ്ടും പറയുന്നു: 'അഹ്മദുബ്നു മുഹമ്മദ്ബ്നു അബീ നസ്ർ പറഞ്ഞു: അബുൽ ഹസൻ എനിക്കൊരു മുസ്ഹഫ് തന്നു. അതിലേക്ക് നോക്കരുത് എന്നും എന്നോട് പറഞ്ഞു. എന്നാൽ ഞാനത് തുറക്കുകയും വായിക്കുകയും ചെയ്തു. ലം യ കുനില്ല ദീന കഫറൂ എന്ന് തുടങ്ങുന്ന സൂറത്ത് ഓതിയപ്പോൾ ക്വുറൈശികളിലെ 70 ആളുകളുടെയും അവരുടെ പിതാക്കളുടെയും പേരുകളുണ്ടായിരുന്നു.' (പേജ്:70) ഇന്നത്തെ ക്വുർആനിൽ അതില്ല എന്നതിലേക്കാണ് സൂചന. അലി (റ) നബി (സ്വ) യുടെ വസ്വിയ്യാണ് എന്ന വാദം തെളിയിക്കാനാണ് ഈ കള്ളങ്ങളെല്ലാം അവർ പറയുന്നത്. അതായത് അലിയുടെ പേര് ക്വുർആനിൽ പല സ്ഥലങ്ങളിലും ആവർത്തിച്ചാവർത്തിച്ച് വന്നിരുന്നു. അതെല്ലാം പിൽക്കാലത്ത് എടുത്തൊഴിവാക്കി എന്നാണവരുടെ ജൽപനം. ശിയാക്കളുടെ ശൈഖന്മാരിൽ ഒരാളായ

*'ക്വുർആനിൽ തഹ്രീഫ് നടന്നിട്ടുണ്ട്. ഇറങ്ങിയ കാലത്തുള്ളതിന് വിരുദ്ധമായി പലതും ഉണ്ട്. എന്നിട്ടദ്ദേഹം ചില ഉദാഹരണങ്ങൾ പറയുന്നു. കുൻതും ഖൈറ ഉമ്മതിൻ എന്നത് ഖൈറ 'അഇമ്മതിൻ' എന്നായിരുന്നു. 'വജ്അൽനാ ലിൽ മുത്തക്വീന ഇമാമൻ' ഞങ്ങളെ മുത്തക്വികളുടെ ഇമാമാക്കേണമേ എന്ന വചനം 'വജ്അൽ ലനാ മിനൽ മുത്തക്വീന ഇമാമൻ' എന്നായിരുന്നുവത്രെ! മുത്തക്വികളിൽ നിന്ന് ഞങ്ങൾക്ക് ഇമാമുകളെ നിശ്ചയിച്ചുതരേണമേ എന്നാണ് ഇതിന്റെ അർത്ഥം. അബൂബക്കറും ഉമറും ഉഥ്മാനുമൊന്നും മുത്തക്വികളല്ല എന്നതിലേക്കാണീ വചനമെത്തുന്നത്.*

ബഹ്റാനി പറയുന്നത്. അലി (റ) ന്റെ പേര് 1154 തവണ ക്വുർആനിൽ വന്നിട്ടുണ്ടെന്നാണ്. ക്വുർആനിൽ കൂട്ടലും കുറക്കലും നടന്നിട്ടുണ്ടെന്ന വിശ്വാസം ആദ്യമായി രേഖപ്പെടുത്തപ്പെട്ടത് ഹി: 90ൽ മരിച്ച സുലൈമുബ്നു ഖൈസുൽ ഹിലാലിയുടെ പുസ്തകത്തിലാണ്. ഹജ്ജാജ് ഇയാളെ കൊല്ലാനിറങ്ങിയപ്പോൾ ഓടി രക്ഷപ്പെട്ട് അബാനുബ്നു അബീ അയ്യാശിൽ അഭയം തേടി. സുലൈം മരിക്കാൻ സമയത്ത് ഈ പുസ്തകം അബാബിനിന്നു നൽകുകയും ചെയ്തു. സുലൈം വിതച്ച ഈ വിത്ത് ഒന്ന് ഉണങ്ങിക്കിടന്നെങ്കിലും 3 ാം നൂറ്റാണ്ടിൽ അലിയ്യുബ്നു ഇബ്റാഹീമുൽ ഖുമി (മരണം. ഹി: 307) പുനർജന്മം നൽകി വീണ്ടും ജനങ്ങൾക്കിടയിൽ പ്രചരിപ്പിച്ചു. അദ്ദേഹം പറഞ്ഞു: 'ക്വുർആനിൽ തഹ്‌രീഫ് നടന്നിട്ടുണ്ട്. ഇറങ്ങിയ കാലത്തുള്ളതിന് വിരുദ്ധമായി പലതും ഉണ്ട്. എന്നിട്ടദ്ദേഹം ചില ഉദാഹരണങ്ങൾ പറയുന്നു. കുൻതും ഖൈറ ഉമ്മതിൻ എന്നത് ഖൈറ 'അഇമ്മതിൻ' എന്നായിരുന്നു. 'വജ്അൽനാ ലിൽ മുത്തക്വീന ഇമാമൻ' ഞങ്ങളെ മുത്തക്വികളുടെ ഇമാമാക്കേണമേ എന്ന വചനം 'വജ്അൽ ലനാ മിനൽ മുത്തക്വീന ഇമാമൻ' എന്നായിരുന്നുവത്രെ! മുത്തക്വികളിൽ നിന്ന് ഞങ്ങൾക്ക് ഇമാമുകളെ നിശ്ചയിച്ചുതരേണമേ എന്നാണ് ഇതിന്റെ അർഥം. അബൂബക്കറും ഉമറും ഉഥ്മാനുമൊന്നും മുത്തക്വികളല്ല എന്നതിലേക്കാണീ വചനമെത്തുന്നത്. ഇങ്ങിനെ പലതുമുണ്ട്. ഉദാഹരണത്തിന് ചിലത് സൂചിപ്പിച്ചുവെന്നുമാത്രം.

പിന്നീട് ഖുമിയുടെ വിദ്യാർഥിയായ മുഹമ്മദ്ബ്നു യഅ്ഖൂബ് ബ്നു ഇസ്ഹാഖിൽ കുലൈനീ അർറാസി (മരണം ഹി: 328) ഈ ദൗത്യം ഏറ്റെടുത്തു. ജിബ്‌രീൽ (അ) മുഹമ്മദ് (സ്വ) നബിക്ക് കൊണ്ടുവന്ന ക്വുർആനിൽ 17000 ആയത്തുകളുണ്ടായിരുന്നുവെന്ന് 'അൽ കാഫിയി'ലൂടെ ഇദ്ദേഹം പ്രചരിപ്പിച്ചു. 13 ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ഈ അബദ്ധ ജൽപനം ഒന്നുകൂടി ശിയാക്കൾക്കിടയിൽ പ്രചുരപ്രചാരം നേടി. ശീഈ ശൈഖന്മാരിൽ ഒരാളായ ഹുസൈൻ നൂരി ത്വബ്റസി ക്വുർആൻ മാറ്റത്തിരുത്തലുകൾക്ക് വിധേയമായിട്ടുണ്ട് എന്ന കുഫ്റിന്റെ വാദം ഉൾക്കൊള്ളിച്ചുകൊണ്ട് ശീഈ വിശ്വാസങ്ങൾ വിശദീകരിക്കുന്ന 'ഫസ്‌ലുൽ ഖിത്വാബ് ഫീ ഇസ്ബാതി തഹ്‌രീഫീ കിതാബിൽ റബ്ബിൽ അർബാബ്' എന്ന പുസ്തകം എഴുതി.

ഓരോ കാലഘട്ടത്തിലും ക്വുർആൻ മാറ്റത്തിരുത്തലുകൾക്ക് വിധേയമായിട്ടുണ്ടെന്ന വാദം ശിയാക്കൾ എടുത്തുപിടിച്ചിട്ടുണ്ട്. മുല്ലാഹസന്റെ തഫ്സീറു സ്സാഫിയിൽ പേജ്: 11ൽ ഇപ്രകാരം കാണാം. 'അഹ്‌ലു ബൈതിലെ റിപ്പോർട്ടർമാരിലൂടെ നമുക്ക് വന്നുകിട്ടിയിട്ടുള്ള രിവായത്തുകളനുസരിച്ച് 'നമ്മുടെ മുമ്പിലുള്ള ക്വുർആൻ പൂർണ്ണമല്ല. മുഹമ്മദ് (സ്വ) ക്ക് അവതരിപ്പിച്ച രൂപത്തിലല്ല പ്രത്യുത അല്ലാഹു ഇറക്കിയതിൽ നിന്നും വ്യത്യസ്തമായി അതിലുണ്ട്. മാറ്റം വരുത്തിയവയുമുണ്ട്. ഒരുപാട് ഒഴിവാക്കപ്പെട്ടിട്ടുണ്ട്. അതിനുദാഹരണമാണ് അലി (റ) ന്റെ പേര്. പല സ്ഥലങ്ങളിലും അതുണ്ടായിരുന്നു. ആലു മുഹമ്മദ് (നബി കുടുംബം) എന്ന പേര് പല സ്ഥലങ്ങളിലുമുണ്ടായിരുന്നു. അതുപോലെ പല മുനാഫിക്വുകളുടേയും പേരുകളും മാത്രമല്ല അല്ലാഹുവും റസൂലും തൃപ്തിപ്പെടുന്ന ക്രമത്തിലുമല്ല ഇന്ന് ക്വുർആനുള്ളത്'. അലിയുടെ പേര് പല സ്ഥലങ്ങളിലും അവർ കുത്തിത്തിരുകി. അവർ എഴുതുന്നത് കാണുക: 'യാ അയ്യുഹല്ലദീന ഊതുൽ കിതാബ ആമിനൂ ബിമാനസ്സൽനാ ഫീ അലിയ്യിൻ നൂറൻ മുബിനാ' (വേദഗ്രന്ഥം നൽകപ്പെട്ടവരേ വ്യക്തമായ പ്രകാശമായിക്കൊണ്ട് അലിക്ക് നാം അവതരിപ്പിച്ചതിൽ നിങ്ങൾ വിശ്വസിച്ചികൊള്ളുക) (ഉസൂലുൽ കാഫി പേ: 264) ഇങ്ങിനെ ഒരു ആയത്ത് ക്വുർആനിൽ കാണാൻ സാധ്യമാണോ? 'ഇന്ന അലൈനാ ജംഅഹു വ ക്വുർആനഹു' എന്നത് 'ഇന്ന അലിയ്യൻ ജംഅഹു വ ക്വുർആനഹു' എന്നാണത്രേ. (ഫസ്‌ലുൽ ഖിത്വാബ് പേ: 116).

ഇത്രയൊക്കെ ആരോപണങ്ങൾ ക്വുർആനിനെക്കുറിച്ച് പറഞ്ഞിട്ടും ഈ ഒരു അസത്യത്തിന്റെ സംഘത്തെ താങ്ങി നിർത്തേണ്ട എന്താവശ്യമാണ് ജമാഅത്തെ ഇസ്‌ലാമിക്കുള്ളത്? വിശുദ്ധ ക്വുർആനിൽ ഒരു വചനം ഇങ്ങിനെ കാണാം: 'നബിയേ പറയുക: അവൻ പരമകാരുണ്യകനാണ്.

*‘വേദഗ്രന്ഥം നൽകപ്പെട്ടവരേ വ്യക്തമായ പ്രകാശമായിക്കൊണ്ട് അലിക്ക് നാം അവതരിപ്പിച്ചതിൽ നിങ്ങൾ വിശ്വസിച്ചുകൊള്ളുക’ (ഉസൂലുൽ കാഫി പേ: 264) ഇങ്ങിനെ ഒരു ആയത്ത് ക്വുർആനിൽ കാണാൻ സാധ്യമാണോ? ‘ഇന്ന അലൈനാ ജംഅഹു വ ക്വുർആനുഹു’ എന്നത് ‘ഇന്ന അലിയ്യൻ ജംഅഹു വ ക്വുർആനഹു’ എന്നാണത്രേ. (ഫസ്ലുൽ ഖിത്വാബ് പേ: 116).*

അവനിൽ ഞങ്ങൾ വിശ്വസിക്കുകയും ഭരമേൽപ്പിക്കുകയും ചെയ്തിരിക്കുന്നു. ആരാണ് വ്യക്തമായ വഴികേടിലെന്ന് വഴിയേ നിങ്ങൾ മനസ്സിലാക്കിക്കൊള്ളും’. ഈ വചനം ശരിയായ രൂപത്തിലല്ല എന്നാണ് ശിയാക്കളുടെ വാദം. ശരിയായ രൂപം അവർ പറയുന്നു. ‘അലിയുടെയും ശേഷമുള്ള ഇമാമുകളുടെയും വിലായത്തിന്റെ കാര്യത്തിൽ അല്ലാഹുവിന്റെ സന്ദേശം ഞാനറിയിച്ചപ്പോൾ അത് നിഷേധിച്ചവരേ, ആരാണ് വ്യക്തമായ വഴികേടിലെന്ന് (വഴിയെ നിങ്ങൾ അറിഞ്ഞുകൊള്ളും)’ (അൽകാഫി 1/421)

ആയത്തുൽ കുർസിപോലും ഇവർ തിരുത്തിയെഴുതി. ‘അൽ യൗമ അക്മൽ തു ലകും.......’ എന്ന മാഇദയിലെ ആയത്തു തിരുത്തി. ഇത്രത്തോളം കാര്യം ബോധ്യപ്പെട്ടിട്ടും ക്വുർആനിന്റെ വിഷയത്തിൽ ശിയാക്കൾക്ക് യാതൊരു വ്യതിയാനവുമില്ല എന്ന നിലപാടിൽ തന്നെയാണ് ജമാഅത്തെ ഇസ്ലാമി ഉള്ളതെങ്കിൽ അവരുടെ കാര്യം കഷ്ടമാണ്. ജമാഅത്തുകാരെ കുറ്റം പറഞ്ഞിട്ടു കാര്യമില്ല. മതരാഷ്ട്രവാദ വിഷയത്തിൽ ശിയാക്കൾ ഒരുപാട് മൗദൂദിയെ സഹായിച്ചതാണല്ലോ.

കൂറ് കാണിക്കുക എന്നത് മനുഷ്യപ്രകൃതവുമാണ്. ഇമാം (?) ഖുമൈനി ഭരണച്ചെങ്കോൽ ഏറ്റുവാങ്ങിയപ്പോൾ ഷാ ഭരണകൂടത്തെ അംഗീകരിച്ചതിന്റെ പേരിൽ പിടിക്കപ്പെട്ട പട്ടാളക്കാരെ വരിയായി നിർത്തി അവരുടെ നെഞ്ചുകളിലേക്ക് വെടുയുണ്ടകളുതിർത്തപ്പോൾ ലോകംകണ്ട ഏറ്റവും വലിയ ഇസ്ലാമിക വിപ്ലവമെന്ന് അലമുറയിട്ടവരാണ് ഈ ജമാഅത്തെ ഇസ്ലാമി.

---

*ലേഖനം: വിചിന്തനം വാരിക. 2009 ജൂലായ് 24*

**തയ്യാറാക്കിയത്: മുഹമ്മദ് യാസർ വി.കെ**

**അബൂദാബി**

mmdyaser@gmail.com